# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 3, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

**<u>ആദിവാസി മേഖലകളിൽ കാര്യക്ഷമമായ റേഷൻ വിതരണം</u>**

*151 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിണി മരണം ഉണ്ടാവാൻ പാടില്ലെന്ന കാഴ്ചപ്പാടോടെ, അതിദരിദ്രർക്ക് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) സഞ്ചരിക്കുന്ന റേഷൻകട പദ്ധതി മുഖേന സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ റേഷൻ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആദിവാസി, ഗോത്രവർഗ്ഗ മേഖലകളിൽ ഉൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമമായ റേഷൻ വിതരണം നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

**<u>ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ</u>**

*152 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ. പി.പി. സുമോദ്**

**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ ബ്രൂവറി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഇതു സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംരംഭം കുടിവെള്ളപ്രശ്നം ഉണ്ടാക്കുമെന്ന പ്രചാരണത്തിന്റെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ബ്രൂവറിയിലേയ്ക്ക് ആവശ്യമായ ജലം എവിടെ നിന്ന് ലഭ്യമാക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തേയ്ക്ക് പ്രതിവർഷം എത്തുന്ന സ്പിരിറ്റ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ളവയാണെന്നും സ്പിരിറ്റിന്റെ അളവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് സ്പിരിറ്റ് കൊണ്ടുവരുന്നതിലൂടെ ഉണ്ടാകുന്ന ജി.എസ്.ടി. നഷ്ടം എത്രയാണെന്ന് അറിയിക്കാമോ;

(എഫ്) സംസ്ഥാനത്ത് ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് ലഭിച്ചതെന്നാണെന്നും പ്രാരംഭ അനുമതി നൽകിയതെന്നാണെന്നും അറിയിക്കാമോ?

## <u>ക്യാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ</u>

*153 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗം പ്രാരംഭത്തിലേ കണ്ടെത്തി വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനായി നടത്തിവരുന്ന നിരന്തരമായ സ്ക്രീനിങ്ങിന്റെ ഫലമായി രോഗലക്ഷണമുള്ള കൂടുതൽപേരെ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് കൂടുതൽ സർക്കാർ ആശുപത്രികളിലേയ്ക്ക് ചികിത്സാ സൗകര്യങ്ങൾ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലും എന്തെല്ലാം നൂതന ചികിത്സാ സംവിധാനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് ആയി ഉയർത്തുന്ന നടപടികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കോട്ടയം നഴ്സിംഗ് കോളേജിലെ റാഗിങ്</u>

*154 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഴ്സിംഗ് കോളേജിൽ കുട്ടികളുടെ ശരീരത്തിൽ കോമ്പസ് കൊണ്ട് കുത്തി മുറിവുണ്ടാക്കിയശേഷം മുറിവിൽ ബോഡി ലോഷൻ ഒഴിച്ചതടക്കം നടത്തിയ ക്രൂരമായ റാഗിങ് ഗൗരവമായി കാണുന്നുണ്ടോ; അറിയിക്കുമോ;

(ബി) കോളേജ് ഹോസ്റ്റലിൽ റാഗിങ് തടയുന്നതിലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിലും കോളേജ് അധികൃതർക്ക് വീഴ്ച പറ്റിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## മദ്യനിർമാണ യൂണിറ്റിന് ജലം നൽകാൻ അനുമതി

*155 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി ഒയാസിസ് കമ്പനിക്ക് മദ്യനിർമാണ യൂണിറ്റ് തുടങ്ങാൻ പ്രാരംഭ അനുമതി നൽകിക്കൊണ്ടുള്ള 2025 ജനുവരി 16-ലെ ഉത്തരവിൽ പ്രോജക്റ്റിന് ആവശ്യമായ ജലം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി നൽകിയിട്ടുണ്ടെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തതായി പരാമർശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ രേഖകളുടെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് ആവശ്യമായ ജലം നൽകാൻ വാട്ടർ അതോറിറ്റി തയ്യാറാണെന്ന് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കമ്പനിക്ക് ജലം നൽകാൻ വാട്ടർ അതോറിറ്റി തയ്യാറാണെന്ന് രേഖപ്പെടുത്തിയ കരാർ/അനുമതി രേഖകൾ എക്സൈസ് വകുപ്പിന് കമ്പനി സമർപ്പിച്ചിരുന്നോ; വ്യക്തമാക്കുമോ?

## ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ

*156 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാ വർക്കർമാരുടെ ഓണറേറിയം തുകയിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വെട്ടിക്കുറവ് വരുത്തുന്നു എന്ന ആക്ഷേപം ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) മിനിമം ദിവസവേതനമായി നിശ്ചയിട്ടുള്ള 700 രൂപ പോലും ആശാ വർക്കർമാർക്ക് നൽകാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ?

## ലഹരി കടത്ത് തടയാൻ നടപടി

*157 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് ചെക്ക്പോസ്റ്റുകൾ വഴിയടക്കം ലഹരി പദാർത്ഥങ്ങൾ വ്യാപകമായി കടത്തിക്കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എം.ഡി.എം.എ. അടക്കമുള്ള സിന്തെറ്റിക് ലഹരിയുടെ വ്യാപനം തടയാൻ ആവിഷ്കരിച്ച കർമ്മപദ്ധതികൾ വിശദമാക്കാമോ?

## സൈബർ സുരക്ഷ ഉറപ്പാക്കാൻ നടപടി

*158 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ നേരിടാനുള്ള സർക്കാർ സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സമീപകാലത്ത് ഒട്ടേറെപ്പേർ വെർച്വൽ അറസ്റ്റ് എന്ന പേരിലെ സൈബർ തട്ടിപ്പിന് വിധേയരായിട്ടുണ്ടോ; വിദ്യാസമ്പന്നരും പ്രമുഖ വ്യക്തികളും ഇത്തരം തട്ടിപ്പിന് ഇരയാകുന്നുണ്ടോ; അറിയിക്കുമോ;

(സി) സാമ്പത്തിക കുറ്റകൃത്യങ്ങൾക്ക് സൈബർ ഇടങ്ങൾ കൂടുതലായി ഉപയോഗിക്കപ്പെടുന്ന നിലവിലെ സാഹചര്യം കണക്കിലെടുത്ത് സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ പ്രത്യേകമായി പരിശോധിച്ച് കൂടുതൽ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സൈബർ ഇടങ്ങളിൽ സ്ത്രീകളും കുട്ടികളും കൂടുതലായി ഇരയാക്കപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് മുൻഗണന നൽകി സൈബർ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കൂടുതൽ കരുതൽ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## ബയോമൈനിങ്ങിലൂടെ മാലിന്യ നിർമ്മാർജനം

*159 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ശ്രീ. കെ. ജെ. മാക്സി**

**ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരത്ത് പതിറ്റാണ്ടുകളായി കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ ബയോമൈനിങ്ങിലൂടെ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) മാലിന്യമുക്ത നവകേരളത്തിന്റെ യാഥാർത്ഥ്യത്തിലേയ്ക്ക് ബ്രഹ്മപുരത്തെ എത്തിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) മാലിന്യം നീക്കം ചെയ്ത സ്ഥലത്ത് നടന്നുവരുന്ന സി.ബി.ജി. പ്ലാന്റിന്റെ നിർമ്മാണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥലത്തെ ബയോമൈനിങ് പൂർത്തിയാകുന്നതോടെ മാസ്റ്റർ പ്ലാൻ അനുസരിച്ച് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

## <u>അവയവദാനത്തിലെ ക്രമക്കേടുകൾ</u>

*160 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനവുമായി ബന്ധപ്പെട്ട മൃതസഞ്ജീവനി, കെ-സോട്ടോ എന്നിവയുടെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നതായി പരാതിയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അവയവദാനവുമായി ബന്ധപ്പെട്ട് സാമ്പത്തിക തിരിമറി ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## <u>ഓഫർ തട്ടിപ്പ് സംബന്ധിച്ച അന്വേഷണം</u>

*161 **ശ്രീ. പി.പി. ചിത്തരഞ്ജൻ**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യാപകമായി നടന്ന ഓഫർ തട്ടിപ്പ് സംബന്ധിച്ച അന്വേഷണങ്ങൾക്ക് ആധാരമായ തെളിവുകൾ പോലീസിന് ലഭിച്ച സാഹചര്യം വ്യക്തമാക്കാമോ;

(ബി) പകുതി വിലയ്ക്ക് വാഹനം നൽകാമെന്ന ഓഫർ സ്വീകരിച്ച് കബളിപ്പിക്കപ്പെട്ടവർ നൽകിയ പരാതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തട്ടിപ്പിന്റെ ആസൂത്രകർ, നേരിട്ട് തട്ടിപ്പിൽ ഇടപെട്ടവർ എന്നിവരിൽ ആരെയെല്ലാം ഇതിനകം പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ഇ) പോലീസിന്റെ പ്രാഥമിക നിഗമനത്തിൽ എത്ര കോടി രൂപയുടെ തട്ടിപ്പ് നടന്നതായാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(എഫ്) തട്ടിപ്പിന് ഇടനിലക്കാരായി ഉൾപ്പെടുത്തിയിരുന്നത് ഏതെല്ലാം സ്ഥാപനങ്ങളെയും ഏജൻസികളെയുമാണെന്ന വിശദാംശം ലഭ്യമാക്കുമോ?

## <u>അജൈവ മാലിന്യ ശേഖരണം</u>

*162 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അജൈവ മാലിന്യം ശേഖരിക്കുന്നതിന് നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) അജൈവ മാലിന്യം ശേഖരിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ നിരക്ക് മാലിന്യത്തിന്റെ തോതനുസരിച്ച് വർദ്ധിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) മാലിന്യ ശേഖരണത്തിന് ഈടാക്കുന്ന തുക ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ശബരിമല മെഡിക്കൽ സംഘം നടത്തിയ പ്രവർത്തനങ്ങൾ</u>

*163 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ശബരിമല മണ്ഡല മഹോത്സവവുമായി ബന്ധപ്പെട്ട് ശബരിമല സന്നിധാനം, പമ്പ, എരുമേലി, ഇടത്താവളങ്ങൾ, സമീപ ആശുപത്രികൾ എന്നിവിടങ്ങളിൽ മെഡിക്കൽ സംഘം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കുറ്റമറ്റനിലയിലും കാര്യക്ഷമമായും നടത്തുന്നതിനായി സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നടപടികളുടെ ഫലമായി ഇക്കാലയളവിൽ എത്ര തീർത്ഥാടകരെ ജീവാപായത്തിൽ നിന്നും രക്ഷപ്പെടുത്താനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മെഡിക്കൽ സംഘത്തിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നെന്നും അവർ തീർത്ഥാടകർക്ക് എന്തെല്ലാം സേവനങ്ങളാണ് നൽകി വന്നതെന്നും വിശദമാക്കാമോ?

**എച്ച്.പി.വി. വാക്സിനേഷനും നൂതന ക്യാൻസർ ചികിത്സാ സംവിധാനങ്ങളും**

*164 **ശ്രീമതി ഒ എസ് അംബിക**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീമതി കാനത്തിൽ ജമീല**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് സെർവിക്കൽ ക്യാൻസറിനെതിരെയുള്ള എച്ച്.പി.വി. വാക്സിനേഷൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ അത്യാധുനിക സൗകര്യമുള്ള എം.ആർ.ഐ. യൂണിറ്റുകളും, ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുട്ടികളിലെ കണ്ണിലെ ക്യാൻസറിന് മലബാർ ക്യാൻസർ സെന്ററിൽ നൂതന ചികിത്സാ സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) റെറ്റിനോ ബ്ലാസ്റ്റോമയടക്കമുള്ള ക്യാൻസറുകൾക്ക് സമഗ്രമായ ചികിത്സാ സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത ചികിത്സ സംസ്ഥാനത്ത് വ്യാപകമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

**പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീസംയോജനം**

*165 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി സംയോജിപ്പിക്കുന്നതുമൂലം സംസ്ഥാനത്തുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**അവകാശാധിഷ്ഠിത സാന്ത്വന പരിചരണം**

*166 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികതലത്തിൽ സമ്പൂർണ പാലിയേറ്റീവ് കെയർ എന്ന ആശയം നടപ്പാക്കുന്നതിൽ സംസ്ഥാനം ഏറക്കുറെ വിജയിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രിയപ്പെട്ടവരുടെ മരണത്തെത്തുടർന്ന് ഉടലെടുക്കുന്ന വിയോഗാനുഭവവും വ്യഥയും ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ ബെറീവ്മെന്റ് കമ്പാനിയൻഷിപ് പ്രോഗ്രാം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) രോഗാവസ്ഥയിലും ജീവിതത്തിന്റെ അവസാനഘട്ടത്തിലും കരുണാർദ്രവും മാന്യവുമായ പരിചരണം മനുഷ്യന്റെ അടിസ്ഥാന അവകാശമാണെന്നിരിക്കെ അവകാശാധിഷ്ഠിത സാന്ത്വന പരിചരണത്തിന്റെ മാതൃകകൾ സൃഷ്ടിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

## <u>പി.പി.ഇ. കിറ്റ് വാങ്ങിയത് സംബന്ധിച്ച സി.എ.ജി. റിപ്പോർട്ട്</u>

*167 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നുൾപ്പെടെ പി.പി.ഇ. കിറ്റ് വാങ്ങിയതിൽ സർക്കാരിന് കോടികളുടെ നഷ്ടം സംഭവിച്ചുവെന്ന സി.എ.ജി. റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; അറിയിക്കുമോ;

(ബി) റിപ്പോർട്ടിലെ ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ആരോഗ്യമേഖലയിലെ നിയമനിർമ്മാണങ്ങൾ</u>

*168 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആരോഗ്യമേഖലയിലെ വളർച്ചയ്ക്കും സുരക്ഷയ്ക്കുമായി എത്ര നിയമ നിർമ്മാണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായുള്ള കോഡ് ഗ്രേ പ്രോട്ടോക്കോൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ടോ; മറ്റേതെങ്കിലും സംസ്ഥാനത്ത് പ്രസ്തുത

പ്രോട്ടോക്കോൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ ആശുപത്രികൾ പൂർണ്ണമായും രോഗീ സൗഹൃദമാക്കുന്നതിൽ ജീവനക്കാർ വഹിക്കുന്ന പങ്ക് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ആരോഗ്യമേഖലയിലെ ജീവനക്കാരുടെയും അവിടെയെത്തുന്ന രോഗികളുടെയും സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കുന്ന തരത്തിൽ സൗഹൃദാന്തരീക്ഷം രൂപപ്പെടുത്തുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ</u>**

*169 **ഡോ. കെ. ടി. ജലീൽ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിത ശൈലീ രോഗ നിർണ്ണയത്തിനായി നടത്തിയ അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ എത്രമാത്രം വിജയകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യപ്രവർത്തകർ വീടുകളിലെത്തി നടത്തിയ സ്ക്രീനിംഗ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; ഒന്നാംഘട്ടത്തിൽ എത്രപേരെ സ്ക്രീനിംഗിന് വിധേയരാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(സി) ആർദ്രം ജീവിതശൈലീ രോഗനിർണ്ണയ ജനകീയ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) സ്ക്രീനിംഗിൽ രോഗലക്ഷണങ്ങൾ കണ്ടെത്തിയവർക്ക് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയെന്നും തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിക്കാമോ?

**<u>ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ നടപടി</u>**

*170 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ കുടിശികയാകാനുള്ള കാരണം വിശദമാക്കാമോ;

(ബി) ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) മാസത്തിൽ എല്ലാ ദിവസവും രാപ്പകൽ ഭേദമന്യേ ജോലി ചെയ്യുന്ന ആശാവർക്കർമാരുടെ ഓണറേറിയം ഇരുപത്തൊന്നായിരം രൂപയാക്കി

വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## കഞ്ചിക്കോട് ആസ്ഥാനമാക്കി മദ്യനിർമാണ യൂണിറ്റ്

*171 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി മദ്യനിർമാണ യൂണിറ്റ് തുടങ്ങാൻ ഒയാസിസ് കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അനുമതി നൽകാനുള്ള കാരണം വിശദമാക്കാമോ;

(സി) മദ്യ നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനായി പ്രസ്തുത കമ്പനിയെ എപ്രകാരമാണ് തിരഞ്ഞെടുത്തതെന്നും മാനദണ്ഡം എന്താണെന്നും അറിയിക്കുമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

*172 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. എം.വിജിൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നിലവിലുള്ളതെന്നും ഇത് വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(സി) വിദ്യാർത്ഥികളിൽ മദ്യ-മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും അക്രമവാസനകൾ നിരുത്സാഹപ്പെടുത്തുന്നതിനും പോലീസുമായി ചേർന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ-എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികൾ

*173 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭരണ സമിതികൾ ഒരേ ദിവസം ഒരേ സമയം യോഗം ചേർന്ന് നാട് അഭിമുഖീകരിക്കുന്ന

പ്രധാനപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അവ ഏതെല്ലാം പദ്ധതികളാണെന്നും അവ ഓരോന്നും ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എന്തെല്ലാം പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കോട്ടയം നഴ്സിംഗ് കോളേജിലെ അതിക്രൂര റാഗിംഗ്

*174 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഴ്സിംഗ് കോളേജിൽ അതിക്രൂരമായി റാഗിംഗ് നടന്നത് ഗൗരവപൂർവ്വം കാണുന്നുണ്ടോ; അറിയിക്കുമോ;

(ബി) കോട്ടയം നഴ്സിംഗ് കോളേജിൽ റാഗിംഗ് നടത്തിയ പ്രതികൾ മുമ്പ് സമാനമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) റാഗിംഗിനെ തുടർന്ന് പ്രിൻസിപ്പൽ പുറത്താക്കിയ മൂന്ന് വിദ്യാർത്ഥികളെ നഴ്സിംഗ് കൗൺസിൽ അംഗങ്ങളുടെ റിപ്പോർട്ടിനെ തുടർന്ന് തിരികെ പ്രവേശിപ്പിച്ചിരുന്നോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ?

## മദ്യ നിർമ്മാണ യൂണിറ്റ് അനുവദിക്കാനുള്ള തീരുമാനം

*175 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യ നിർമ്മാണ യൂണിറ്റ് അനുവദിക്കാനുള്ള തീരുമാനം മദ്യനയത്തിൽ ഉൾപ്പെടുത്തിയത് എന്നാണെന്ന് അറിയിക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി മദ്യനിർമാണ യൂണിറ്റ് തുടങ്ങാൻ ഒയാസിസ് കമ്പനിയെ സർക്കാർ ക്ഷണിച്ചതാണെന്ന് കമ്പനി ജല അതോറിറ്റിക്ക് നൽകിയ കത്തിൽ പരാമർശിച്ചത് എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ പ്രസ്തുത കമ്പനിയെ ക്ഷണിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ?

## കുടുംബശ്രീയെ കാലോചിതമായി നവീകരിക്കാൻ പദ്ധതികൾ

*176 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ദെലീമ**

**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയെ കാലോചിതമായി നവീകരിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പഠിക്കുന്നതിനും മാതൃകയാക്കുന്നതിനുമായി വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും എത്തിയ സംഘങ്ങളെ സംബന്ധിച്ച് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ സി.ഡി.എസ്., എ.ഡി.എസ്. അയൽക്കൂട്ടങ്ങൾ എന്നിവ എത്രയെണ്ണം വീതമുണ്ടെന്ന് അറിയിക്കാമോ;

(ഡി) 2021-ന് ശേഷം അയൽക്കൂട്ടങ്ങളിൽ എത്ര വർദ്ധനവുണ്ടായിട്ടുണ്ടെന്നും അവയിൽ വൈവിധ്യമാർന്ന അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

## ടെക്നോപാർക്കിലെ വികസന പ്രവർത്തനങ്ങൾ

*177 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ 2016 മുതൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ടെക്നോപാർക്കിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടങ്ങളിലായി എത്ര പേർ തൊഴിൽ ചെയ്യുന്നുണ്ടെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പാർക്കിന്റെ വികസനത്തിനായി എത്ര ഏക്കർ സ്ഥലം ലഭ്യമാക്കിയിരുന്നുവെന്നും അതിൽ ഓരോ ഘട്ടത്തിന്റെയും വികസനത്തിനായി എത്ര ഏക്കർ വീതം നീക്കി വച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) നിർമ്മിത ബുദ്ധി, ബ്ലോക്ക് ചെയിൻ, മെഷീൻ ലേണിംഗ് മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾ ആഗോളതലത്തിൽ വ്യാപിപ്പിക്കാൻ തയ്യാറെടുക്കുന്ന സാഹചര്യം പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ടെക്നോപാർക്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കോളേജുകളിൽ റാഗിങ് തടയാൻ സ്വീകരിച്ച നടപടികൾ

*178 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പൂക്കോട് വെറ്റിനറി കോളേജിൽ സിദ്ധാർത്ഥൻ എന്ന വിദ്യാർത്ഥി റാഗിങ്ങിനെ തുടർന്ന് മരണപ്പെട്ട സംഭവത്തിനു ശേഷം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കോട്ടയം നഴ്സിംഗ് കോളേജിൽ നിരവധി റാഗിങ് പരാതികൾ ഉയർന്ന സാഹചര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയാൻ പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പോലീസ് സേനയുടെ ശാക്തീകരണം

*179 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വിപുലീകരണത്തോടൊപ്പം ആധുനിക സാങ്കേതിക വിദ്യകളുടെയും നൂതനോപകരണങ്ങളുടെയും പ്രയോഗം പ്രാവർത്തികമാക്കിയിട്ടുണ്ടോ; പോലീസ് സ്റ്റേഷനുകൾക്കെല്ലാം സ്വന്തം കെട്ടിടം എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിച്ചത് പോലീസ് സേനയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ സഹായകമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ സാമ്പത്തിക കുറ്റകൃത്യാന്വേഷണ വിഭാഗം പ്രത്യേകമായി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജലജന്യ രോഗങ്ങൾ

*180 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വയറിളക്കം, ടൈഫോയ്ഡ്, കോളറ എന്നീ രോഗങ്ങൾ വർദ്ധിച്ചു വരുന്നത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(സി) ഭക്ഷണത്തിനും പാനീയങ്ങൾക്കുമായി ഉപയോഗിക്കുന്ന ജലം മലിനമല്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 ഫെബ്രുവരി 23, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].